ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/12/2017*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**





- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**



ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 6 ലക്കം 6

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 മാർഗ്ഗശീർഷ – പൗഷ
1193 വൃശ്ചികം – ധനു 2017 ഡിസംബർ

വാർഷിക വരിസംഖ്യ: ₹ **100/-** ദീർഘകാലം: ₹ **1500/-**



## സ്വാമി ശ്രദ്ധാനന്ദ് (1856 – 1926)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഡിസംബർ 8 | : | ഭായ് പരമാനന്ദ് നിർവ്വാണ ദിനം |
| ഡിസംബർ 17 | : | രാജേന്ദ്ര ലാഹിരി രക്തസാക്ഷി ദിനം |
| ഡിസംബർ 19 | : | രാം പ്രസാദ് ബിസ്മിൽ, അഷഫാഖുള്ളാ ഖാൻ, രോഷൻ സിംഗ് എന്നിവരുടെ രക്ത സാക്ഷി ദിനം |
| ഡിസംബർ 23 | : | സ്വാമി ശ്രദ്ധാനന്ദ് ബലിദാന ദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

## മണ്ഡലം 1 സൂക്തം 7



**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ പിപീലികാമദ്ധ്യാ നിച്യത് ഗായ ത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**

**വൃഷാ യുഥേവ വംസഗഃ കൃഷ്ടീരിയർത്യോജസാ।**
**ഈശാനോ അപ്രതിഷ്കുതഃ॥**

**(ഋഗ്വേദം 1.7.8)**

**പദാർത്ഥം**: എങ്ങനെയാണോ (വൃഷാ) വീര്യദാതാവും രക്ഷിക്കുന്നവനും (വംസഗഃ) പശുക്കളുടെ ഇടയിൽ യഥായോഗ്യം സേവനം ചെയ്യുന്നവനുമായ കാള (ഓജസാ) തന്റെ ബലത്താൽ (യൂഥേവ) പശുക്കളുടെ സമൂഹത്തെ പ്രാപിക്കുന്നത്, അതേപോലെ (വംസഗഃ) ധർമ്മസേവനം നടത്തുന്ന പുരുഷന്മാർക്ക് പ്രാപിക്കാവുന്നവനും (വൃഷാ) ശുഭഗുണങ്ങൾ വർഷിക്കുന്നവനുമായ (ഈശാനഃ) ഐശ്വര്യവാനായ ജഗത്രചയിതാവായ പരമേശ്വരൻ (ഓജസാ) ബലത്താൽ (കൃഷ്ടീഃ) ധർമ്മാത്മാവായ മനുഷ്യർക്കും (വംസഗഃ) വ്യത്യസ്ത പദാർത്ഥങ്ങളെ എത്തിക്കുന്ന (വൃഷാ) ജലത്തെ വർഷിക്കുന്ന സൂര്യൻ (ഓജസാ) തന്റെ ബലത്താൽ (കൃഷ്ടീഃ) ആകർഷണാദിവ്യവഹാരങ്ങളാൽ (ഇയത്തി) പ്രാപിക്കപ്പെടുന്നു.

**ഭാവാർത്ഥം**: ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണ്. മനുഷ്യർക്ക് മാത്രമെ പരമേശ്വരപ്രാപ്തി ലഭിക്കുകയുള്ളു. എന്തെന്നാൽ അയാൾ ജ്ഞാനത്തെ വർദ്ധിപ്പിക്കുന്ന സ്വഭാവമുള്ളവനാണ്. മാത്രമല്ല, ധർമ്മാത്മാവും ജ്ഞാനിയുമായ മനുഷ്യന് പരമേശ്വരപ്രാപ്തി സ്വാഭാവികമാണ്. അതേപോലെ ഈശ്വരനാൻ രചിക്കപ്പെട്ട ഒരു പ്രത്യേകിടത്ത് സ്ഥാപിച്ചിരിക്കുന്ന സൂര്യനും തന്റെ മുന്നിലുള്ള അതായത് സമീപമുള്ള ലോകങ്ങളെ കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ തന്നിലേക്കാകർഷിക്കുന്നു.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**
**തജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദ സന്ദേശം വരിക്കാരുടെ ശ്രദ്ധക്ക്

**കഴിഞ്ഞ അഞ്ചുവർഷത്തിലധികമായി കടുത്ത സാമ്പത്തിക പരാധീനതകളിലൂടെയാണ് മാസിക മുടങ്ങാതെ പ്രസിദ്ധീകരിച്ചു വരുന്നത്. അച്ചടിച്ചിലവും മറ്റും ക്രമാതീതമായി വർദ്ധിച്ചതിനാൽ മാസികയുടെ വരിസംഖ്യ പുതുക്കി നിശ്ചയിക്കേണ്ടി വന്നിരിക്കുന്നു. വാർഷിക വരിസംഖ്യ 100/- രൂപയായും ദീർഘകാല വരിസംഖ്യ 1500/- രൂപയുമായിരിക്കും. വായനക്കാരുടെ അകമഴിഞ്ഞ സഹകരണം തുടർന്നും ഉണ്ടാവണമെന്നഭ്യർത്ഥിക്കുന്നു.**

**വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ആര്യസമാജം സേവാകേന്ദ്രം പ്രവർത്തനം തുടങ്ങി



കാറൽമണ്ണ : വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ കാറൽമണ്ണയിൽ 'ആര്യസമാജം കരിയർ ഗൈഡൻസ് ബ്യൂറോ ആന്റ് സേവാ കേന്ദ്രം' പ്രവർത്തനമാരംഭിച്ചു.

പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും ആര്യസമാജ മിഷനറിയുമായിരുന്ന ഭായ് പരമാനന്ദന്റെ ജന്മദിന (04.11.2017) ത്തിൽ കാലത്ത് 9ന്വിശേഷാൽ അഗ്നിഹോത്രത്തിനുശേഷം നടന്ന യോഗത്തിൽ കാറൽമണ്ണ വേദഗുരുകുലം കുലപതിയും വിദ്യാഭാരതിയുടെ മുൻ അഖിലേന്ത്യാദ്ധ്യക്ഷനുമായിരുന്ന ഡോ. പി.കെ.മാധവൻ സേവാകേന്ദ്രത്തിന്റെ ഔപചാരിക ഉദ്ഘാടനം നടത്തി. അഡ്വക്കേറ്റ് എം.ജയരാജ് അദ്ധ്യക്ഷനായി. ചെർപ്പുളശ്ശേരി നഗരസഭാ കൗൺസിലർമാരായ സർവ്വശ്രീ കെ.എം.ഇസ്ഹാഖ്, പി.ജയൻമാസ്റ്റർ എന്നിവർ ആശംസകൾ നേർന്നു. വി.ഗോവിന്ദദാസ് മാസ്റ്റർ കേന്ദ്രത്തിന്റെ പ്രവർത്തന പദ്ധതി വിശദീകരിച്ചു. ആര്യസമാജം കാര്യദർശി കെ.എം.രാജൻ സ്വാഗതവും കെ.ഗോവിന്ദപ്രസാദ് മാസ്റ്റർ നന്ദിയും പ്രകാശിപ്പിച്ചു. വിദ്യാർത്ഥികൾക്ക് ട്യൂഷൻ സൗകര്യമേർപ്പെടുത്തുക, പി.എസ്.സി, ബാങ്കുകൾ എന്നിവ നടത്തുന്ന മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുക.പൊതുജനങ്ങൾക്ക് സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽനിന്ന് ലഭിക്കാവുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ നൽകുക. ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക എന്നിവയാണ് കേന്ദ്രത്തിന്റെ മുഖ്യപ്രവർത്തനങ്ങൾ.



*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

(ബൃഹസ്പതെ) ജ്ഞാനത്തിന്റെ പതിയായ പരമാത്മാവേ (ദേവാഃ ചിത്) സത്യനിഷ്ഠാവാനായ പണ്ഡിതൻ മാത്രമാണ് (തേ) നിന്റെ (പ്രചേതസഃ) സർവ്വജ്ഞതയെ (യജ്ഞിയമ്) യജ്ഞയോഗ്യ പവിത്രമായ (ഭാഗമ്) ഭാഗത്തെ (ആനശുഃ) പ്രാപിക്കുന്നത്. (ഇവ) ഏതൊരുപ്രകാരത്തിലാണോ (സൂര്യഃ) സൂര്യൻ (ജ്യോതിഷാ) തന്റെ ജ്യോതിയാൽ (മഹഃ ഉസ്രഃ) വലിയ കിരണങ്ങളെ ഉണ്ടാക്കി ഇപ്രകാരം നീ (വിശ്വേഷാമ്) എല്ലാ (ബ്രഹ്മണാം) വേദങ്ങളുടെയും (ജനിതാ അസി) ഉദ്പാദനം നടത്തുന്നു.

ഇപ്രകാരം ഈശ്വരൻ സൂര്യസമാനം തന്നിൽനിന്ന് കിരണങ്ങളെ ഉൽപ്പാദിപ്പിക്കുന്നതുപോലെ വേദങ്ങളെ പ്രസരിപ്പിക്കുന്നുവെന്നു പറയുന്നു.

സാമവേദം 4.2.10.8 ൽ പറയുന്നു.

**ഇന്ദ്രായ സാമഗായത വിപ്രായ ബൃഹതേ ബൃഹത്।**
**ബ്രഹ്മകൃതേ വിപശ്ചിതേ പനസ്യവേ॥**

ഈ മന്ത്രത്തിൽ ഇന്ദ്രൻ എന്നത് പരമേശ്വരനെ സൂചിപ്പിക്കുന്നു.

ഋഗ്വേദത്തിലും സാമവേദത്തിലുമുള്ള താഴെ കൊടുക്കുന്നമന്ത്രം വേദരൂപമായ ജ്ഞാനം പരമേശ്വരനാൽ നൽകപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു.

**ഹോതാ ദേവോ അമർത്യഃ പുരസ്താ ദേതി മായയാ।**
**വിദഥാനി പ്രചോദയൻ॥ (ഋഗ്വേദം 3.27.7)**

പദാർത്ഥം: (ഹോതാ) ശാന്തിയും ആനന്ദവും നൽകുന്നവനായ (അമർത്യഃ ദേവഃ) അമരനായ പരമേശ്വരൻ (മായയാ) തന്റെ ബുദ്ധിയാൽ (വിദഥാനി) അറിവിനെ (പ്രചോദയൻ) വിശേഷ രൂപത്തിൽ പ്രേരിപ്പിക്കുന്നു (പുരസ്താത് ഏതി) യോഗിയുടെ സൻമുഖത്തോടെ പ്രകടിപ്പിക്കുന്നു. ഇവിടേയും വേദജ്ഞാനം ഈശ്വരീയമാണെന്ന് സ്പഷ്ടമാവുന്നു.

ഋഗ്വേദം 3.57.6 ൽ വരുന്ന മന്ത്രത്തിൽ ഈശ്വരനാൽ നൽകപ്പെട്ട സർവ്വജനഹിതകാരിയായ ജ്ഞാനമാണ് വേദങ്ങൾ എന്നു പറയുന്നു.

ഐതരേയ ബ്രാഹ്മണത്തിൽ പറയുന്നത് നോക്കുക. "പ്രജാപതിർവ്വാ ഇമാൻ വേദാന സൃജത" അതായത് സമസ്ത പ്രജകൾക്കുമായി അവരുടെ മംഗളത്തിനായി പരമേശ്വരൻ വേദങ്ങളെ സൃഷ്ടിച്ചു.

വേദാന്തദർശനത്തിൻ വ്യാസമഹർഷി ശാസ്ത്രയോനിത്വാത് (1.1.3), അത ഏവ ച നിത്യത്വമ് (1.3.29) തുടങ്ങിയ സൂത്രങ്ങളിലൂടെ ഋഗ്വേദാദി സർവ്വജ്ഞാനഭണ്ഡാരമായ ശാസ്ത്രങ്ങളിലൂടെ ഋഗ്വേദാദി സർവ്വ ജ്ഞാനഭണ്ഡാരമായ ശാസ്ത്രങ്ങളുടെ കർത്താവാണ് ഈശ്വരൻ എന്നു വിശേഷിപ്പിച്ച് വേദത്തിന്റെ നിത്യതയെ പ്രകീർത്തിക്കുന്നു. 'ശാസ്ത്രയോനിത്വാത്' എന്ന സൂത്രത്തിന് ശങ്കരാചാര്യർ ഭാഷ്യത്തിൽ ഇങ്ങനെ പറയുന്നു. 'ഋഗ്വേദാദേഃ ശാസ്ത്രസ്യാനേകവിദ്യാസ്ഥാനോ പബ്രൂഹി തസ്യ പ്രദീപവത് സർവ്വാർത്ഥവിദ്യോതിനഃ സർവ്വജ്ഞകൽപ്പസ്യ യോനിഃ കാരണം ബ്രഹ്മ| ന ഹീദൃശസ്യർഗ്വേദാദിലക്ഷണസ്യ സർവ്വജ്ഞഗുണാന്വിതസ്യ സർവ്വജ്ഞാദന്യതഃ സംഭവമതോ $f$ സ്തി ||

അർത്ഥം: ഋഗ്വേദാദി ചതുർവ്വേദങ്ങൾ അനേകവിദ്യകൾ നിറഞ്ഞതാണ്. സൂര്യസമാനം സർവ്വസത്യാർത്ഥങ്ങളുടേയും പ്രകാശനം ചെയ്യുന്നതാണ്. അവയെ നിർമ്മിച്ചത് സർവ്വജ്ഞത്വാദി ഗുണങ്ങളോടുകൂടിയ പരബ്രഹ്മമാണ്. എന്തെന്നാൽ സർവ്വജ്ഞനായ ബ്രഹ്മമല്ലാതെ മറ്റൊരുത്തനും സർവ്വജ്ഞഗുണയുക്തമായ ഈ വേദങ്ങളെ നിർമ്മിക്കാനാവില്ല.

**പത്രാധിപർ**





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ. എം. രാജൻ

**അദ്ധ്യായം 2** **വേദവും ശൂദ്രനും**

തുടക്കത്തിൽ എല്ലാ മനുഷ്യർക്കും ഒരു വർണ്ണമായിരുന്നു. ലൗകിക ജീവിതത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിവിധ ജോലികൾ അവർക്കിടയിൽ വീതിച്ചു കൊടുക്കപ്പെട്ടു. യോഗ്യത അടിസ്ഥാനമാക്കിയായിരുന്നു ഈ വിഭജനം. കാലക്രമേണ വർണ്ണത്തിന്റെ സ്ഥാനത്ത് ജാതികൾ വന്നു ചേർന്നു. ഗുണകർമ്മസ്വഭാവത്തിനുപകരം ജനനം അടിസ്ഥാനമാക്കി വ്യത്യസ്തജാതികളാക്കി മനുഷ്യരെ വിഭജിച്ചു. അവർക്കിടയിൽ ഉച്ചനീചത്വങ്ങൾ ഉടലെടുത്തു. വൈദിക വർണ്ണാശ്രമവ്യവസ്ഥയുടെ സ്ഥാനത്ത് തെറ്റായ ജാതിവ്യവസ്ഥ പ്രബലമായിത്തീർന്നു.

ചോദ്യം : മനുഷ്യരെ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാലാക്കി വിഭജിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്താണ്?

ഉത്തരം : ഓരോ മനുഷ്യനും ജീവിതം നയിക്കുന്നതിൽ മറ്റു മനുഷ്യരുമായി പരസ്പരം ആശ്രയിക്കേണ്ടി വരുന്നുണ്ട്. ഈ പരസ്പര ബന്ധമില്ലാതെ ഒന്നും നടക്കില്ല. അതിനാൽ ജിവിതായോധനത്തിനായി ഓരോ വ്യക്തിക്കും അവർക്കനുയോജ്യമായ ജോലികൾ നൽകേണ്ടതുണ്ട്. വിദ്യാഭ്യാസം അനിവാര്യമായതിനാൽ അതിനുള്ള വ്യവസ്ഥ ഉണ്ടാവണം. വിദ്യാസമ്പന്നനായ ഒരാൾക്ക് പാമരനായ (അതാത് മേഖലകളിൽ പരിശീലനം ലഭിക്കാത്ത) ഒരാളേക്കാളും നന്നായി കാര്യങ്ങൾ ചെയ്യാനാവുമെന്ന് നമുക്കെല്ലാമറിയുന്നകാര്യമാണ്. സമാജത്തിലെ ഒരാളും വ്യർത്ഥമാവരുത്. ഓരോവ്യക്തിക്കും സ്വന്തം ജീവിത നിലനിൽപ്പിനുവേണ്ടുന്ന വരുമാനവും വേണം. ഇത് സമാജനിർമ്മാണത്തിന്റെ മൂലസിദ്ധാന്തമാണ്. നമ്മുടെ ശരീരത്തിലെ ഒരവയവം പ്രവർത്തിക്കാതിരുന്നാൽ അത് മറ്റു ശരീരാംഗങ്ങളുടെ പ്രവൃത്തികൾക്ക് തടസ്സമുണ്ടാക്കും. അതേപോലെ സമാജത്തിലെ ഒരാൾ പ്രവർത്തനരഹിതനാണെങ്കിൽ സമൂഹത്തിന് ഹാനിയുണ്ടാവും. ഭിക്ഷക്കാർ, കള്ളന്മാർ തുടങ്ങിയവർ സമാജത്തിന് എത്രകണ്ട് ഭാരമാണെന്ന് ഓർക്കുക. അതിനാൽ സമാജവ്യവസ്ഥ ചിട്ടപ്പെടുത്താനായി വേദങ്ങളിൽ ഉപദേശം നൽകുന്നു. അതിനാലാണ് ജ്ഞാനപ്രചാരവും അഭിവൃദ്ധിയും നടത്താൻ കഴിവുള്ളവർ ബ്രാഹ്മണരും രാജ്യരക്ഷചെയ്യുന്നവർ ക്ഷത്രിയരും, വാണിജ്യം ചെയ്യുന്നവർ വൈശ്യരും സേവാകാര്യങ്ങൾ ചെയ്യുന്നവർ ശൂദ്രരുമായി വ്യവസ്ഥ ചെയ്തത്. വർണ്ണ വ്യവസ്ഥയുടെ മൂല ഉദ്ദേശ്യം സമാജത്തെ കർമ്മസ്വഭാവനുസാരം വിഭജിക്കുക എന്നതാണ്.

**(തുടരും)**

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



ദീവാൻ സൂരജ്മൻ എന്നൊരു ജന്മി ഇസ്ലാംമതം സ്വീകരിക്കാനായി തയ്യാറെടുക്കുന്നുണ്ടായിരുന്നു. ഇക്കാര്യമറിഞ്ഞ ലേഖ്റാം പെട്ടെന്ന് അവിടെയെത്തി. അദ്ദേഹത്തിന്റെ ആഗമനവാർത്തയറിഞ്ഞ ജന്മി പരിഭ്രാന്തനായി. ലേഖ്റാം സിന്ധിലെ മൗലവിമാരെ നാലു പ്രാവശ്യം ശാസ്ത്രാർത്ഥത്തിനായി വെല്ലുവിളിച്ചു. അവസാനം ഒരു മൗലവി വെല്ലുവിളി സ്വീകരിച്ച് എത്തിചേർന്നു. ഒരു ദിവസം മുഴുവൻ സംവാദം നീണ്ടുനിന്നു. ജനങ്ങൾ സത്യത്തേയും അസത്യത്തേയും തിരിച്ചറിഞ്ഞു. അനേകം ഹിന്ദുകുടുംബങ്ങളെ ഇസ്ലാമിൽ ചേരുന്നതിൽനിന്നും രക്ഷപ്പെടുത്തി. ഒരു ധർമ്മവീരനായിരുന്നു ലേഖ്റാം.

ഋഷി ദയാനന്ദന്റെ ജീവചരിത്രമെഴുതാനുള്ള സാമഗ്രിയന്വേഷിച്ച് അദ്ദേഹം അജ്മേറിലെത്തി. അവിടത്തെ പ്രശസ്തരായ വ്യക്തികളുമായി കൂടിക്കാഴ്ച നടത്തി. ഋഷിയുടെ ജീവിതവുമായി ബന്ധപ്പെട്ടു ലഭിച്ച വിവരണങ്ങൾ എല്ലാം രേഖപ്പെടുത്തി. അഡ്വക്കേറ്റ് ചാന്ദ്കിരൺ ജി ശാരദയുടെ പിതാവ് ബാബുരാംവിലാസ്ജിയുമായി ലേഖ്റാമിന് അടുത്ത സുഹൃദ്ബന്ധമുണ്ടായിരുന്നു.

ആര്യജഗത്തിലെ പൂജ്യസന്യാസിമാരായിരുന്ന സ്വാമി നിത്യാനന്ദജിയും സ്വാമി വിശ്വേശ്വരനാനന്ദജിയും ബൂംദിരാജ്യത്ത് ശാസ്ത്രാർത്ഥങ്ങളിലേർപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അവരെ സഹായിക്കാനായി പണ്ഡിറ്റ് ലേഖ്റാമിനേയും അങ്ങോട്ടയച്ചു. ബൂന്ദിയിലെ രാജാവ് ശാസ്ത്രാർത്ഥത്തിനുള്ള സന്നദ്ധത നൽകിയില്ല. അതിനാൽ അദ്ദേഹം അവിടെനിന്ന് മടങ്ങി ജഹാജ്പൂരിലെത്തി. അവിടെ അദ്ദേഹം ഒരു പ്രഭാഷണം നടത്തികൊണ്ടിരിക്കുമ്പോൾ ഒരു മുസ്ലീം സുബേദാർ എണീറ്റ് നിന്ന് പറഞ്ഞു. "ഇത്തരത്തിൽ സംസാരിക്കുന്ന താങ്കൾ ബൂന്ദിൽനിന്നും ഓടിപ്പോന്നതെന്തുകൊണ്ടാണ്?". ലേഖ്റാമിൽനിന്നും ഉടൻ ഉത്തരം വന്നു. "എതിർകക്ഷികൾ സംവാദത്തിന് തയ്യാറാവാഞ്ഞാൽ എനിക്കെന്ത് ചെയ്യാനാവും? ഹസറത്ത് മുഹമ്മദിനെപ്പോലെ ഹിജറത്ത് (ഓടിപ്പോവുക) ചെയ്തതൊന്നുമല്ല. മുഹമ്മദ് മക്ക ഉപേക്ഷിച്ച് ഭയപ്പെട്ട് മദീനയിലേക്കോടിപ്പോവുകയുണ്ടായി. അന്നുമുതലാണ് 'ഹിജ്റ' സംവത്സരം ആരംഭിച്ചത്.

ഉപനിഷത്ത്, മനുസ്മൃതി, വാൽമീകി രാമായണം എന്നിവയ്ക്ക് ഭാഷ്യമെഴുതണമെന്നദ്ദേഹത്തിനാഗ്രഹമുണ്ടായിരുന്നു. എന്നാലിക്കാര്യം പൂർത്തിയാക്കാനദ്ദേഹത്തിനായില്ല. ഋഷിദയാനന്ദന്റെ ജന്മസ്ഥലം ശരിയായി ആർക്കുമറിയുമായിരുന്നില്ല. അതുകണ്ടെത്താനായി ലേഖ്റാം കാഠിയാവാഡിലെത്തി. ബിക്കാനർ, മോർവി പ്രാന്തങ്ങളിലദ്ദേഹം ചുറ്റിക്കറങ്ങി. ദിവസങ്ങളോളം നീണ്ടപരിശ്രമങ്ങൾക്കൊടുവിൽ അദ്ദേഹം മഹർഷിയുടെ ജന്മസ്ഥലം കണ്ടെത്തി. മോർവി രാജ്യത്തിലെ 'ടംകാര' എന്ന ഗ്രാമത്തിലായിരുന്നു മഹർഷി ജനിച്ചത്.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*

*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 6 ലക്കം 6

വേദസൃഷ്ടി സംവത്സരം 1972949118 കലിവർഷം 5119 മാർഗ്ഗശീർഷ- പൗഷ

1193 വൃശ്ചികം – ധനു 2017 ഡിസംബർ



**രക്ഷാധികാരി**

സ്വാമി അശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| വേദപ്രകാശം പാഠാവലി | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**

**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**

**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**

**Ph:9562529095, 9446017440**

**Email:dayanandasandesam@gmail. com**

**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## വേദങ്ങൾ അപൗരുഷേയമോ?

(തുടർച്ച)



**വേ**ദങ്ങൾ ഈശ്വരീയമാണെന്നതിന് അനേകം പ്രമാണങ്ങൾ വേദങ്ങളിൽതന്നെയുണ്ട്. ഋഗ്വേദം പത്താംമണ്ഡലം തൊണ്ണൂറാം സൂക്തമായ പുരുഷസൂക്തത്തിൽ വ്യക്തമായി പറയുന്നത് നോക്കുക.

**തസ്മാദ് യജ്ഞാത് സർവ്വഹുത ഋചഃ**
**സാമാനി ജജ്ഞിരേ।**
**ഛന്ദാംസി ജജ്ഞിരേ തസ്മാദ്**
**യജുസ്തസ്മാദജായത॥**
**(ഋഗ്വേദം 10.90.9)**

**അർത്ഥം** : ആ പരമേശ്വരനിൽനിന്ന് ഋഗ്വേദം, സാമവേദം, യജുർവേദം, ഛന്ദാംസി അതായത് അഥർവ്വ വേദം എന്നിവ ഉൽപ്പന്നമായി.

ഋഗ്വേദം 2.23.2ൽ പറയുന്നത് നോക്കുക

**ദേവാശ്ചിത് തേ അസൂര്യ പ്രചേതസോ ബൃഹസ്പതേ യജ്ഞിയം ഭാഗമാനശുഃ।**
**ഉസ്രാ ഇവ സൂര്യോ ജ്യോതിഷാ മഹോ വിശ്വേഷാമിജ്ജനിതാ ബ്രാഹ്മണാമസി॥**

**പദാർത്ഥം**: അല്ലയോ (അസൂര്യ) പ്രാണാധാരനെ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ചോദ്യം : തനിക്കിഷ്ടം പോലുള്ള എന്തു ശിക്ഷണവും നൽകാമോ?**

**ഉത്തരം** : പാടില്ല. ആരെങ്കിലും തന്റെ കുട്ടികളോട് മക്കളെ കേട്ടാലും. നിന്റെ വിവാഹം ഉടൻ നടത്താം. ഇയാളുടെ താടിയും മീശയും പിടിച്ചുവലിക്ക്, മുടിക്ക് കുത്തിപിടിക്ക്, മുണ്ടുപിടിച്ച് വലിക്ക്, പാത്രങ്ങളൊക്കെ വലിച്ചെറിയ്, അസഭ്യം പറയുക, കളിയാക്കാനായി കരയുക, ചിരിക്കുക എന്നിങ്ങനെ അനാവശ്യപ്രവർത്തികൾ പറഞ്ഞ് പഠിപ്പിക്കുന്നവനെ മാതാവ്, പിതാവ്, ആചാര്യൻ എന്നിവരായി ഗണിക്കരുത്. മാത്രമല്ല, കുട്ടികളുടേയും ശിഷ്യന്മാരുടേയും ശത്രുക്കളും ദുഃഖദായകരുമാണവർ. മോശം പെരുമാറ്റവും സ്വഭാവവും കണ്ടാൽ കുട്ടികളെ അതിൽനിന്ന് നിരുത്സാഹപ്പെടുത്താൻ ശ്രമിക്കാത്തവൻ എങ്ങനെയാണ് അച്ഛനമ്മമാരോ ആചാര്യന്മാരോ ആവുക. വിടുവായത്തം പറയുക, ലജ്ജയില്ലാതെ വ്യർത്ഥമായ ചേഷ്ടകൾ കാണിക്കുക തുടങ്ങിയ ചീത്ത കർമ്മങ്ങൾ വെടിഞ്ഞ് വിദ്യ തുടങ്ങിയ ശുഭഗുണങ്ങളാൽ ഉപദേശങ്ങൾ നൽകാതെ തന്റെ സന്താനങ്ങൾക്ക് വേണ്ടി തന - മന - ധനാദികളാൽ പ്രയത്നിക്കാത്തവർക്ക് മാതാവ്, പിതാവ്, ആചാര്യൻ എന്നീ പേരുകളാൽ കൃതജ്ഞരാവാൻ അർഹതയില്ല. സ്വന്തം സന്താനങ്ങളേയും ശിഷ്യൻമാരേയും ഈശ്വരോപാസന, ധർമ്മം, അധർമ്മം, പ്രമാണം, പ്രമേയം, സത്യം, മിഥ്യ, അന്ധവിശ്വാസം, വേദം, ശാസ്ത്രം മുതലായവയുടെ സ്വരൂപം യഥാവിധി മനസ്സിലാക്കിക്കുകയും അവരുടെ സാമർത്ഥ്യത്തിനനുസരിച്ച് അവരെ വേദശാസ്ത്രങ്ങളിലെ വചനങ്ങളെ കണ്ഠസ്ഥമാക്കുകയും വിദ്യാഗ്രഹണത്തിനായി ആചാര്യന് അനുകൂലമായി വർത്തിക്കേണ്ടുന്ന രീതി പഠിപ്പിക്കുകയും അവർക്ക് വിദ്യാപ്രാപ്തി തുടങ്ങിയ പ്രയോജനങ്ങൾ നിർവിഘ്നം സിദ്ധിക്കുകയും ചെയ്യാനാവുന്നുവോ അവരെയാണ് മാതാവ്, പിതാവ്, ആചാര്യൻ എന്നുപറയുന്നത്.

**ചോദ്യം : വിദ്യ ഏതെല്ലാം പ്രകാരത്തിൽ ഏതെല്ലാം കർമ്മങ്ങളാൽ ലഭിക്കും?**

**ഉത്തരം** :

**ചതുർഭിഃ പ്രകാരൈർവിദ്യോപയുക്താ ഭവതി।**
**ആഗമകാലേന സ്വാദ്ധ്യായകാലേന പ്രവചനകാലേന**
**വ്യവഹാരകാലേനേതി॥**

**(മഹാഭാഷ്യം 1.1.1.1)**

വിദ്യ നാലു പ്രകാരത്തിലുണ്ട്. ആഗമം, സ്വാദ്ധ്യായം, പ്രവചനം, വ്യവഹാരം എന്നീ നാലു കാലങ്ങളിലാണിത് കൈ വരുന്നത്. പഠിക്കുന്ന സമയത്ത് ആചാര്യമുഖത്തുനിന്ന് ശബ്ദം, അർത്ഥം അവയുടെ ബന്ധം എന്നിവയെ സശ്രദ്ധം മനസ്സിലാക്കി സ്വസ്ഥചിത്തനായി ഏകാന്തസ്ഥാനത്തിരുന്ന് പൂർവ്വാപരമായി മനനം ചെയ്ത് ശരിയായി ഹൃദയത്തിൽ ദൃഢമാക്കുന്നതിനേയാണ് സ്വാദ്ധ്യായകാലമെന്നു പറയുന്നത്. മറ്റുള്ളവരെ പ്രീതിപൂർവ്വം വിദ്യ അഭ്യസിപ്പിക്കുന്നതിനെ പ്രവചന കാലമെന്നു പറയും. സ്വന്തം ആത്മാവിൽ സത്യവിദ്യ പ്രകാശിക്കുമ്പോൾ ചെയ്യാവുന്നതും ചെയ്യരുതാത്തതും ഏതെല്ലാമാണെന്നുള്ള അറിവ് നേടി അതുപ്രകാരം ആചരിക്കുന്നതിനെ വ്യവഹാരകാലമെന്നു പറയും. ഈ നാലു പ്രയോജനങ്ങൾക്ക് പുറമെ ശ്രവണം, മനനം, നിദിധ്യാസനം, സാക്ഷാത്ക്കാരം എന്നീ നാലുകർമ്മങ്ങൾ കൂടി വിദ്യാപ്രാപ്തിക്കായി വേണം.

**(തുടരും)**

***തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)***
***ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !***







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദാനാം നിത്യത്വ വിചാരഃ

അതഃ കാരണാദീശ്വര വിദ്യാമയത്വേന വേദാനാം നിത്യത്വം വയം മന്യാമഹേ। കിം ച, ന പഠന പാഠന പുസ്തകാനിത്യത്വേ വേദാനിത്യത്വം ജായതെ। തേഷാമീശ്വരജ്ഞാനേന സഹ സദൈവ വിദ്യമാനത്വാത്। യഥാസ്മിൻ കൽപ്പേ വേദേഷു ശബ്ദാക്ഷരസംബന്ധാഃ സന്തി, തഥൈവ പൂർവ്വമാസന്നഗ്രേ ഭവിഷ്യന്തി ച। കുതഃ? ഈശ്വരവിദ്യായാ നിത്യത്വാദവ്യഭിചാരിത്വാച്ച। അത ഏവേദമുക്തമൃഗ്വേദേ–

**"സൂര്യാചന്ദ്രമസൗ ധാതാ യഥാപൂർവ്വമകൽപ്പയത്" ഇതി। (ഋഗ്വേദം 10.190.3)**

അസ്യായമർത്ഥഃ – സൂര്യചന്ദ്രഗ്രഹണമുപലക്ഷണാർത്ഥമ്। യഥാ പൂർവ്വകൽപ്പേ സൂര്യചന്ദ്രാദിരചനം തസ്യ ജ്ഞാനമദ്ധ്യേഹ്യാസീത്, തഥൈവ തേനാസ്മിൻ കൽപ്പേ ƒപി രചനം കൃതമസ്തീതി വിജ്ഞായതെ। കുതഃ? ഈശ്വരജ്ഞാനസ്യ വൃക്തിക്ഷയവിപര്യയാഭാവാത്। ഏവം വേദേഷ്വപി സ്വീകാര്യം, വേദാനാം തേനൈവ സ്വവിദ്യാതഃ സൃഷ്ടത്വാത്।

**ഭാഷാർത്ഥം:** ഈ ജഗത്തിലെ പരമാണുക്കളെല്ലാം വിഘടിച്ച് വെവ്വേറെയായി ഈ കാര്യരൂപസ്ഥൂലജഗത്തിന്റെ അഭാവമുണ്ടാവുമ്പോൾ വേദഗ്രന്ഥങ്ങളുടെ അഭാവവും ഉണ്ടാവും. അപ്പോൾ വേദങ്ങളെങ്ങനെ നിത്യമാണെന്ന് പറയും.

**ഉത്തരം:** പുസ്തകം, കടലാസ്, മഷി, അക്ഷരം തുടങ്ങിയവ ഇല്ലാതാവുമെന്നത് ശരിതന്നെ. നമ്മുടെ ക്രിയാപക്ഷത്തിൽ മാത്രമാണിതുണ്ടാവുന്നത്. വേദപക്ഷത്തിൽ ഇതില്ലാതാവുന്നില്ല. എന്തെന്നാൽ വേദങ്ങൾ മഷി, കടലാസ്, പുസ്തകം, അക്ഷരം എന്നിവയാൽ നിർമ്മിച്ചതല്ല. മഷി തുടങ്ങിയവ മനുഷ്യരാൽ ഉണ്ടാക്കിയവയാണ്. അതിനാലവ അനിത്യമാണ്. ഈശ്വരന്റെ ജ്ഞാനത്തിൽ സദാവർത്തിക്കുന്നതിനാൽ വേദങ്ങളെ നിത്യവസ്തുക്കളായി നാം കരുതുന്നു. ഇതിൽനിന്നും സിദ്ധിക്കുന്നത് പഠിക്കുക, പഠിപ്പിക്കുക എന്നിവയും പുസ്തകങ്ങളും അനിത്യമായതുകൊണ്ട് വേദങ്ങൾ അനിത്യമല്ലെന്നാണ്. എന്തുകൊണ്ടെന്നാൽ ബീജാങ്കുരന്യായേന അത് ഈശ്വരന്റെ ജ്ഞാനത്തിൽ നിത്യമായി വർത്തിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ ഈശ്വരനിൽനിന്നും വേദങ്ങൾ പ്രകടമായി. പ്രളയകാലത്ത് ജഗത്ത് വിലയം പ്രാപിക്കുമ്പോൾ അത് ഈശ്വരനിൽ നിക്ഷിപ്തമായിരിക്കുന്നു. അതിനാൽ വേദങ്ങൾ നിത്യസ്വരൂപമായി നിലകൊള്ളുന്നു (ഋഗ്വേദത്തിൽ പരമേശ്വരൻ പൂർവ്വകൽപ്പങ്ങളിലേതുപോലെ സൂര്യചന്ദ്രന്മാരെ രചിച്ചു എന്നു പറയുന്നു. ഇവിടെ സൂര്യചന്ദ്രന്മാർ എന്നത് ഉപലക്ഷണാർത്ഥമാണെന്ന് ഗ്രഹിക്കണം). എങ്ങനെയാണോ ഈ കൽപ്പത്തിലെ സൃഷ്ടിയിൽ ശബ്ദം, അക്ഷരം, അർത്ഥം, അവയുടെ ബന്ധമുള്ളത് അതുപോലെയാണ് മുൻകൽപ്പങ്ങളിലും ഉണ്ടായിരുന്നത്. ഇനി വരാൻപോകുന്ന കൽപ്പങ്ങളിലും അങ്ങനെയായിരിക്കും. അതിനാൽ ഈശ്വരന്റെ ജ്ഞാനത്തിന് മാറ്റമുണ്ടാവുന്നില്ല. അവയിലെ ഒരക്ഷരത്തിനുപോലും വിപരീതഭാവമുണ്ടാവുന്നില്ല. ഋഗ്വേദം മുതൽ നാലു വേദങ്ങളുടേയും സംഹിതകൾ ഏതു പ്രകാരത്തിലാണോ ഉള്ളത് അവയിലെ ശബ്ദം, അർത്ഥം, അവയിലെ അക്ഷരങ്ങളുടെ സംബന്ധം എന്നിവയുടെ ക്രമമെങ്ങനെയാണോ ഇപ്പോൾ ഉള്ളത് ആ ക്രമം എക്കാലത്തുമുണ്ടായിരിക്കും. എന്തെന്നാൽ ഈശ്വരന്റെ ജ്ഞാനം നിത്യമാണ്. അതിന് ഏറ്റകുറച്ചിലുകൾ ഒരിക്കലുമുണ്ടാവുന്നില്ല. അതിനാൽ വേദങ്ങളുടെ നിത്യസ്വരൂപത്തെ അംഗീകരിക്കുകതന്നെ വേണം.

**(തുടരും)**

***ഭദ്രാ രാതിഃ (സാമം 111)***
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




**ന**മുക്ക് സത്യാസത്യനിർണ്ണയം നടത്തുകയാണ് വേണ്ടത്. കൊള്ളക്കാരായ ചിലരുടെ പ്രാചീന ഗ്രന്ഥങ്ങളിൽ മനുഷ്യരെ കൊന്ന് കൊള്ളയടിക്കണ മെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ നാമത് അംഗീകരിക്കണമെന്നു പറയുന്നത് ശരിയാണോ? ഒരിക്കലുമല്ല. വ്യർത്ഥമായ പഴയപുസ്തകങ്ങളുടെ മാഹാത്മ്യം വിളിച്ചുകൂവി നടക്കുന്നതിനെ എന്തുവിളിക്കണം?

അപ്പോൾ അസിദ്ധം ബഹിരംഗമന്തരംഗേ (പാരിഭാഷിക് 43) എന്ന ന്യായമനുസരിച്ച് അനേകം മറ്റുരാജ്യങ്ങളുടെ ചരിത്രം മാറ്റിവെച്ച് നമ്മുടെ ദേശത്തെ ചരിത്രം പറയുന്നതാണ് യോഗ്യമായത്.

ആദ്യത്തെ മനുഷ്യർ കശ്മീർ, നേപ്പാൾ അഥവാ ഹിമാലയത്തിന്റെ ചില ഭാഗങ്ങളിലായിരുന്നു സൃഷ്ടിക്കപ്പെട്ടത്. പ്രാചീനമായ ആര്യഗ്രന്ഥങ്ങളിലും മറ്റുദേശങ്ങളിലെ പഴയഗ്രന്ഥങ്ങളിലും ഇതിനുസമാനമായ വിവരണമുണ്ട്. പ്രാചീനാര്യന്മാരുടെ ബ്രാഹ്മണാദി ഗ്രന്ഥങ്ങളിൽ പറയുന്നു.

**സർവ്വേഷാം തു സ നാമാനി കർമ്മാണി ച പൃഥക് പൃഥക് ।**
**വേദശബ്ദേഭ്യ ഏവാദൗ പൃഥക് സംസ്ഥാശ്ച നിർമ്മമേ ॥**
**(മനുസ്മൃതി 1.21)**

ഈ വാക്യമനുസരിച്ച് ആര്യന്മാർ വേദസിദ്ധാന്തമനുസരിച്ച് സാമൂഹ്യ വ്യവസ്ഥയുണ്ടാക്കി. ഉദാഹരണത്തിന് ലോകത്തെല്ലായിടത്തും ആഴ്ചയിൽ ഏഴുദിനങ്ങളും പന്ത്രണ്ടു മാസങ്ങളും പന്ത്രണ്ടു രാശികളുമാണ്. ഇനി വ്യത്യസ്ത ഭാഷകൾ എങ്ങനെയുണ്ടായി എന്ന് നോക്കാം. യഹൂദികളുടെ ഇടയിൽ പ്രചാരത്തിലുള്ള ഒരു കഥയുണ്ട്. അവരുടെ പൂർവ്വജർ സ്വർഗ്ഗത്തിലെത്താൻവേണ്ടി വലിയ ഒരു ഗോപുരം നിർമ്മിക്കുകയായിരുന്നു. ഇതിൽ അസന്തുഷ്ടനായ ദൈവം അവരുടെ ഭാഷയിൽ മാറ്റങ്ങൾ വരുത്തി. തത്ഫലമായി ലോകത്ത് വിവിധ ഭാഷകൾ ഉണ്ടായി. (ബൈബിൾ ഉൽപ്പത്തി പുസ്തകം അദ്ധ്യായം II. TheTower of Babel - see the Bible Genesis II) ഈ കഥ തികച്ചും തെറ്റാണ്.

ദേശ, കാല, ഭേദ, ആലസ്യ, പ്രമാദങ്ങളുടെ കാരണത്താലാണ് മൂലഭാഷയുടെ വ്യവഹാരത്തിൽ മാറ്റങ്ങൾ ഉണ്ടായി വിഭിന്ന ഭാഷകൾ ഉൽപ്പന്നമാവുക.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**മൂ**ലകാരണരൂപമായ പ്രകൃതി സംഭവരഹിതവും ഏകരസത്തോടുകൂടിയതുമാണ്. എപ്പോഴാണോ ഈശ്വരപ്രേരണയാൽ അതിൻ വിഷമാവസ്ഥയുണ്ടാകുന്നത് അതായത് കാരണരൂപമായ പ്രകൃതിയിൽനിന്ന് കാര്യരൂപമായ പ്രഥമപരമാണുവിന്റെ രചനയുണ്ടാകുന്നതും അതിനുചുറ്റും പരിക്രമണം ആരംഭിക്കുകയും ചെയ്യുന്നത് അപ്പോൾ മുതൽ കാലത്തിന്റെ ഗണന ആരംഭിക്കുകയും കാലത്തിന് അസ്തിത്വമുണ്ടാകുകയും ചെയ്യുന്നു. അപ്പോൾതന്നെ എല്ലാവരുടേയും സ്വാമിയായ പരമേശ്വരൻ സൃഷ്ടികാലവും പ്രളയകാലവും നിശ്ചയിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഈ ചക്രം ചലിച്ചുകൊണ്ടിരിക്കുകയും കാലം പ്രവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ കാല ചക്രം പൂർവ്വകൽപ്പത്തിന് അനുരൂപവുമായിരിക്കും.

**ഋതം ച സത്യം ചാഭീദ്ധാത് തപസോƒദ്ധ്യജായത।**
**തതോ രാത്ര്യജായത തതഃ സമുദ്രോ അർണവഃ॥**
**(ഋഗ്വേദം 10.190.1)**
**സമുദ്രാ ദർണവാദധി സംവത്സരോ അജായത।**
**അഹോരാത്രാണി വിദധദ്വിശ്വസ്യ മിഷതൊ വശീ॥**
**(ഋഗ്വേദം 10.190.2)**

ഈ മന്ത്രങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ അവയിൽ ഗംഭീരവും രഹസ്യമയവുമായ വൈജ്ഞാനികസത്യങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം.

ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നിവയാണ് മൂന്ന് അനാദി തത്ത്വങ്ങൾ. ഇവ കൂടാതെ ദൃശ്യവും അദൃശ്യവുമായ ഏതെല്ലാം വസ്തുക്കളുണ്ടോ അവയുടെ ഉൽപ്പത്തിയുണ്ടാവുന്നു. യാതൊരു വസ്തുവാണൊ ഉൽപ്പന്നമാകുന്നത് അതിന് തീർച്ചയായും വിനാശവും ഉണ്ടായിരിക്കും. സമയത്തിന്റെ ഉൽപ്പത്തി സൃഷ്ടിരചനയുടെ കൂടെയാണ് സംഭവിക്കുന്നത്. പ്രളയാവസ്ഥയിൽ അവയുടെ അന്ത്യവും സംഭവിക്കുന്നു. ഇതാണ് സത്യം.

സംഭവങ്ങളുടെ തുടർച്ചയായ ഒഴുക്കുമൂലം സമയം അനാദിയാണ്. കാലത്തിന് സ്വതന്ത്രമായ അസ്തിത്വമില്ല. കാലത്തിന്റെ അസ്തിത്വം പ്രളയം, സൃഷ്ടി രചന എന്നിവയുടെ സംഭവചക്രത്തിന്റെ കാരണമായിതീരുന്നു. ഇക്കാരണത്താൽ മഹർഷിദയാനന്ദൻ കാലത്തെ ഷ്റ്റി പറയുമ്പോൾ സമയം അനാദിയും അനന്തവുമാണെന്ന് പറയുന്നു.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

## യോഗത്തിന്റെ മഹത്വം

**ല**ൗകിക വസ്തുക്കളുമായുള്ള നമ്മുടെ ബന്ധം ശാശ്വതമല്ലെന്നത് സത്യമാണ്. ഈ വിഷയഭോഗം വളരെയേറെ ചെയ്ത് ഒരാളും പൂർണ്ണവും സ്ഥായിയുമായ സുഖത്തെ പ്രാപിക്കുകയില്ല. അതേപോലെ മേൽവിവരിച്ച സത്യത്തിനു സമാനമായി ഈശ്വരനുമായുള്ള നമ്മുടെ സംബന്ധത്തെക്കുറിച്ചുള്ള കാര്യവും ഉറച്ച സത്യമാണ് എല്ലാകാലത്തും. ഇന്നും ഇനി വരാൻ പോകുന്നകാലത്തും. ഈ ബന്ധത്തിന് ഒരിക്കലും മാറ്റം വരുന്നില്ല. അതിനാൽ ഈശ്വര സാക്ഷാത്ക്കാരം നേടി മാത്രമെ മനുഷ്യർ പൂർണ്ണസൗഖ്യമുള്ളവരായിത്തീരുകയുള്ളു. മറ്റൊരു തരത്തിലും സാധ്യമല്ലിത്.

ഇന്നത്തെ വികലമായ സാമൂഹ്യാന്തരീക്ഷത്തിൽ വൈദികധർമ്മസംസ്കാരം, സഭ്യത, രീതി- നീതി തുടങ്ങിയവ ലുപ്തമായിരിക്കുന്നു. ഇതിന്റെ സ്ഥാനത്ത് ഭോഗവാദവും ധനസമാഹരണത്തിനുള്ള പദ്ധതികളുമാണ് ഏറെ പ്രചാരത്തിലുള്ളത്. ഇക്കാരണത്താൽ ബ്രഹ്മവിദ്യ ദുർല്ലഭമായി തീർന്നിരിക്കുന്നു.

സ്ഥായിയായ സുഖത്തിനായും സമാധാനത്തിനായും ഇന്നത്തെ മനുഷ്യർ വളരെ പരിശ്രമം നടത്തിയിട്ടുണ്ട്. നടത്തുന്നുമുണ്ട്. ലോകത്തിന് ഒരു പാട് മാറ്റങ്ങൾ വന്നുകഴിഞ്ഞു. എന്നിരുന്നാലും സമസ്ത ദുഃഖങ്ങളുടെ നിവാരണവും നിത്യമായ ആനന്ദവും നേടാനായിട്ടില്ല. ഇത്തരത്തിൽ മുന്നോട്ടുപോയാലും ഭാവിയിൽ മുഖ്യലക്ഷ്യപ്രാപ്തി നേടാനാവുമെന്ന് തോന്നുന്നില്ല.

കാമം, ക്രോധം, ലോഭം, മോഹം, അഹങ്കാരം, ഈർഷ്യ, ദ്വേഷം തുടങ്ങിയ മാനസിക രോഗങ്ങൾക്കുള്ള പരിഹാരം ധന സമ്പത്തുകളും ഭൗതികവിജ്ഞാനവും നേടുന്നതിലൂടെ ഒരിക്കലും ലഭിക്കില്ല. ആത്മ- പരമാത്മ സംബന്ധമായ അദ്ധ്യാത്മവിദ്യ പഠിക്കുകയും പഠിപ്പിക്കുകയും കേൾക്കുകയും കേൾപ്പിക്കുകയും അവർക്ക് ക്രിയാത്മകരൂപം നൽകുന്നതിലൂടെയും മാത്രമെ ഈ മാനസിക രോഗങ്ങൾക്ക് ഗുണമുണ്ടാവുകയുള്ളു. മറ്റൊരു വഴിയുമില്ല.

ഇന്നത്തെ ആയിരക്കണക്കിന് ഭൗതിക വൈജ്ഞാനികർ തന- മന- ധനത്താൽ ഭൗതിക വിജ്ഞാനങ്ങളുടെ ആവിഷ്കാരത്തിലൂടെ സമസ്ത ദുഃഖങ്ങളുടേയും നിവൃത്തിക്കായും നിത്യാനന്ദത്തിനായും ശ്രമിക്കുന്നു. എന്നാലിവർ ആത്മ- പരമാത്മ വിജ്ഞാനവും ഈശ്വരപ്രാപ്തി എന്ന ലക്ഷ്യത്തേ പറ്റെ പരിത്യജിച്ചിരിക്കുകയുമാണ്. ഇന്ന് ലോകം മുഴുവനും വിവിധ ദുഃഖങ്ങളാൽ വിഷമിച്ചുകൊണ്ടിരിക്കുകയാണ്. ആത്മ- പരമാത്മാ വിജ്ഞാനവും ഈശ്വരപ്രാപ്തി എന്ന ലക്ഷ്യവും ഏതുവരെ സ്വീകരിക്കുന്നില്ലയോ അതുവരെ ഈ ദുഃഖസാഗരത്തിൽപെട്ട് ക്ലേശിക്കേണ്ടിവരും.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 1 പുരാണങ്ങൾ എന്ത്? എന്തിന്?

## എന്താണ് പുരാണം

**പു**രാണങ്ങളിൽ വിവരിക്കുന്ന മറ്റൊരു പ്രധാന വംശമാണ് പുരുവംശം. യയാതിയുടെ പുത്രനായിരുന്നു പുരു. ഈ വംശത്തിൽ രൗദ്രാശ്വൻ എന്നുപേരായൊരു രാജാവുണ്ടായി. രൗദ്രാശ്വന്റെ പുത്രൻ ഋചേയുവിന്റെ പരമ്പരയിൽ ദുഷ്യന്തൻ, ഭരതൻ എന്നിവരുമുണ്ടായി. ഭരതന്റെ വംശപരമ്പരയിൽ രന്തിദേവൻ, മേധാതിഥി, ദിവോദാസൻ തുടങ്ങിയവരും ഉണ്ടായി. ഇതിനുപുറമെ അജമീഢവംശം (ഹസ്തിനാപുരം നിർമ്മിച്ചതിവരാണ്), കാശിയിലെ രാജവംശം, മഗധയിലെ രാജവംശം, സാത്വതവംശം എന്നിവയുടേയും വർണ്ണന പുരാണങ്ങളിലുണ്ട്.

പുരാണങ്ങളിലെ മറ്റൊരു പ്രിയ വിഷയം ഭഗവാന്റെ അവതാരങ്ങളുടെ വർണ്ണനകളാണ്. ധർമ്മത്തിനുഹാനിയുണ്ടാവുമ്പോൾ ഭഗവാൻ വിവിധ രൂപത്തിലവതരിച്ച് ദുഷ്ടന്മാരെ നിഗ്രഹിച്ച് സജ്ജനങ്ങളെ സംരക്ഷിക്കുന്നു.

പുരാണങ്ങളുടെ കാലത്തെക്കുറിച്ച് വിഭിന്നാഭിപ്രായമാണ് പണ്ഡിതന്മാർക്കിടയിലുള്ളത്. പൗരാണികർ വേദങ്ങളേക്കാളും പ്രാചീനമാണ് പുരാണങ്ങൾ എന്നു സമർത്ഥിക്കുന്നതായി നേരത്തെ പറയുകയുണ്ടായി. എന്നാൽ പുരാണങ്ങളെ സത്യസന്ധമായി പരിശോധിച്ചാൽ ഇത് തെറ്റാണെന്ന് ബോദ്ധ്യപ്പെടും. ഈ വിഷയത്തെക്കുറിച്ച് വരുന്ന അദ്ധ്യായങ്ങളിൽ വിശദമായി ചർച്ചചെയ്യുന്നതിനാൽ ഇവിടെ കൂടുതൽ വിസ്തരിക്കുന്നില്ല.

പുരാണങ്ങളുടെ ഉപദേശം വ്യാസൻ തന്റെ ശിഷ്യപരമ്പരയിലെ ലോമഹർഷണനെന്ന സൂതന് ആദ്യമായി നൽകിയെന്നും ക്രമേണ സൂതൻ (കഥകൾ പറയുന്ന വംശക്കാരെയാണ് സൂതൻ എന്നു പറയുന്നത്) നൈമിഷാരണ്യത്തിലെ എൺപത്തെട്ടായിരം ഋഷിമാർക്ക് മുന്നിൽ ഇവ അവതരിപ്പിച്ചുവെന്നും തന്റെ ശിഷ്യപരമ്പരയിൽപ്പെട്ട ആറുശിഷ്യന്മാർക്ക് ഈ ജ്ഞാനം നൽകിയെന്നും ഈ പരമ്പരയുടെ വിവരണവും വായുപുരാണത്തിലുണ്ട്. ഈ ആറു ശിഷ്യന്മാരിൽ കശ്യപൻ, സാവർണി, ശംശാപായൻ എന്നിവർ തങ്ങളുടെ പുതിയ പുരാണ സംഹിതകൾ ഉണ്ടാക്കിയെന്നും ഇത്തരത്തിലുള്ള നാലു സംഹിതകൾ പ്രചാരത്തിലുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. ഈ സംഹിതകൾ പരസ്പര വിരുദ്ധമായിരുന്നില്ലെന്നും ഒരു തത്ത്വത്തിന്റെ ആശയം വിവിധ രൂപത്തിൽ പ്രകടിപ്പിക്കുകയായിരുന്നുവെന്നും പറയുന്നുണ്ട്.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 9 ആദ്ധ്യാത്മിക വിഷയം

**ചോദ്യം 23 : ആത്മാക്കൾക്ക് വിഭിന്ന ശരീരം ലഭിക്കുന്നതെന്തുകൊണ്ട്?**

**ഉത്തരം** : തങ്ങളുടെ പാപ-പുണ്യകർമ്മ കർമ്മങ്ങളുടെ ഫലമായാണ് ആത്മാക്കൾക്ക് വിഭിന്ന ശരീരങ്ങൾ ലഭിക്കുന്നത്.

**ചോദ്യം 24 : പശു – പക്ഷികളുടെ ശരീരം എപ്പോൾ ലഭിക്കുന്നു?**

**ഉത്തരം** : പാപകർമ്മങ്ങൾ ചെയ്യുമ്പോളാണ് പശു-പക്ഷികളുടെ ശരീരം ലഭിക്കുന്നത്.

**ചോദ്യം 25 : എത്ര ജന്മങ്ങൾക്കുശേഷമാണ് മുക്തി ലഭിക്കുക?**

**ഉത്തരം** : അനേകം ജന്മങ്ങൾക്കുശേഷമാണ് മുക്തി ലഭിക്കുന്നത്.

**ചോദ്യം 26 : എന്താണ് സ്വർഗ്ഗം?**

**ഉത്തരം** : ലൗകിക സുഖങ്ങളും സൗകര്യങ്ങളും അനുഭവിക്കുന്നതാണ് സ്വർഗ്ഗം.

**ചോദ്യം 27 : കർമ്മം എത്രപ്രകാരമുണ്ട്? അവ ഏവ?**

**ഉത്തരം** : കർമ്മങ്ങൾ നാലുപ്രകാരത്തിലുണ്ട്. പുണ്യകർമ്മങ്ങൾ, പാപകർമ്മങ്ങൾ, മിശ്രിത കർമ്മങ്ങൾ, നിഷ്കാമ കർമ്മങ്ങൾ എന്നിവയാണവ.

**ചോദ്യം 28 : എന്താണ് മിശ്രിതകർമ്മം?**

**ഉത്തരം** : പാപ-പുണ്യങ്ങൾ ഇടകലർന്ന കർമ്മമാണ് മിശ്രിതകർമ്മം.

**ചോദ്യം 29 : എന്താണ് സകാമകർമ്മം?**

**ഉത്തരം** : ധനം, പദവി, പ്രശംസ എന്നിവ ആഗ്രഹിച്ചുകൊണ്ടു ചെയ്യുന്ന കർമ്മമാണ് സകാമകർമ്മം.

**ചോദ്യം 30 : എന്താണ് നിഷ്കാമകർമ്മം?**

**ഉത്തരം** : മറ്റുള്ളവരുടെ ഹിതത്തിനായി പരോപകാരഭാവനയോടെ ചെയ്യുന്ന കർമ്മങ്ങളാണ് നിഷ്കാമ കർമ്മങ്ങൾ.

**ചോദ്യം 31 : പുണ്യകർമ്മങ്ങൾക്ക് ഏതാനും ഉദാഹരണം പറഞ്ഞാലും.**

**ഉത്തരം** : പഠിക്കുക, പഠിപ്പിക്കുക, ഇന്ദ്രിയസംയമനം നടത്തുക, മാതാപിതാക്കളെ സേവിക്കുക, ധർമ്മാചരണം നടത്തുക, പരോപകാരം ചെയ്യുക എന്നിവ പുണ്യ കർമ്മങ്ങളാണ്.

**ചോദ്യം 32 : എല്ലാ പാപവാസനകളുടേയും കാരണമെന്താണ്?**

**ഉത്തരം** : ലോഭമാണ് എല്ലാ പാപവാസനകളുടേയും മൂലകാരണം.

**ചോദ്യം 33 : ബ്രഹ്മാ എന്നു പറയുന്നത് ആരെയാണ്?**

**ഉത്തരം** : നാലുവേദങ്ങളുടേയും പണ്ഡിതനേയാണ് ബ്രഹ്മാ എന്നു പറയുന്നത്.

**ചോദ്യം 34 : ജീവിതത്തിന്റെ മുഖ്യഉദ്ദേശ്യമെന്താണ്?**

**ഉത്തരം** : ഈശ്വരപ്രാപ്തിയാണ് ജീവിതത്തിന്റെ മുഖ്യ ഉദ്ദേശ്യം.

**(തുടരും)**

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം –5*



**റോ**ഡിന്റെ മദ്ധ്യഭാഗത്തിലൂടെ മിനി തീവണ്ടിപോലുള്ള ഒരു വാഹനനിര അങ്ങോട്ടുമിങ്ങോട്ടുമോടുന്നുണ്ട്. 'ട്രാം' എന്നാണത്രെ അതിന്റെ പേര്. ഇടതുവശം ചേർന്ന് വരിവരിയായി ഇരുനില ബസ്സുകളോടുന്നു. അവക്കപ്പുറം വൈശിഷ്ട്യമാർന്ന പലതരം വൈദേശികവും ദേശീയവുമായ കാറുകളും ലോറികളും ഇരു ചക്രവാഹനങ്ങളും ചീറിപ്പായുന്നു. അക്കരക്കൊന്നു ചാടിവീഴാൻ മാർഗ്ഗമൊന്നും കാണാനാവാതെ വിഷമവ്യത്തത്തിൽപെട്ട് നാലുപാടും കണ്ണോടിച്ചപ്പോൾ അയാൾനിൽക്കുന്ന ഭാഗത്ത് ഒരു ഹോട്ടൽ കണ്ടു. വിശപ്പ് അയാളെ അങ്ങോട്ടേക്കാകർഷിച്ചു. അയാളവിടെക്കയറി ഭക്ഷണം കഴിക്കുമ്പോൾ പിറുപിറുത്തു. അതുകേട്ട് "ക്യാ ജീ, ക്യാബോൽ രഹേ ഹൊ" (എന്താ സാർ എന്താ പറയുന്നത്). വിളമ്പുകാരൻ സംശയം പ്രകടിപ്പിച്ചു.

"കുഛ്നഹി, പർ സോച്താഹും കി ഉസ് മിൽ കേദ്വാർതക് സുരക്ഷിത് ഹോക്കർ കൈസേ പഹൂഞ്ചാവും, സബ് ഇത്നാഹി" (ഒന്നൂല്ല്യ, ആ മില്ലിന്റെ ഗെയ്റ്റ് വരെ സുരക്ഷിതമായെങ്ങനെയാണെത്തുക എന്നാലോചിക്ക്യാണ്, അത്രയേയുള്ളു). പാച്ചൻ പ്രശ്നമെടുത്തിട്ടു.

"അങ്ങനെ എല്ലായിടത്തുകൂടിയും ക്രോസ് ചെയ്യാൻ പറ്റില്ല. അതാ കണ്ടില്ലേ, അവിടെ ഒരു പോലീസുകാരൻ? അവിടത്തെ ഡ്യൂട്ടിക്കാരനാണയാൾ. അവിടെ ചെന്നാൽ കടത്തിത്തരും. പൊയ്ക്കോളൂ." വിളമ്പുകാരൻ ഹിന്ദിയിൽ വിശദീകരിച്ചു.

പാച്ചൻ ആഹാരം കഴിച്ച് കൈകഴുകി കാശുകൊടുത്ത് നേരെ പോലീസ് നിൽക്കുന്നിടത്തേക്ക് പോയി.

'എന്താ! അങ്ങോട്ട് കടക്കണൊ?' പോലീസുകാരനാരാഞ്ഞു.

"വേണം. അനുവാദമുണ്ടെങ്കിൽ അങ്ങോട്ട് കടന്ന് ഒരാളെ കാണേണ്ടതുണ്ട്." പാച്ചൻ പറഞ്ഞു.

രണ്ടു ഭാഗത്തുനിന്നും വരുന്ന വാഹനങ്ങളെ കൈകാട്ടി നിർത്തി ജനങ്ങളെ വിടുന്ന സമയംവരെ പാച്ചൻ കാത്തുനിന്നു. ജനങ്ങളെ കടത്തിവിടാൻ തുടങ്ങിയപ്പോൾ പാച്ചനും അവരോടൊപ്പം കടന്ന് മില്ലിന്റെ കവാടത്തിലെത്തി. അവിടെ ഒരു പാറാവുകാരനുണ്ട്. രഘുവിന്റെ മേൽവിലാസം അയാൾക്കുനേരെ നീട്ടി അന്വേഷിച്ചു. അയാൾ മില്ലുവിടുംവരെ അവിടെ ഇരിക്കാൻ സ്ഥലംതന്നു.

സമയം അഞ്ചുമണിയോടടുത്തു. സൈറൺ മുഴങ്ങി. ഉച്ചത്തിലുള്ള ഓങ്കാരധ്വനിപോലെ. മലവെള്ളപ്പാച്ചിൽപോലെ ഈ പ്രവാഹം പുറത്തേയ്ക്ക് വന്നു. ആ മഹാപ്രവാഹത്തിൽനിന്ന് രഘുവിനെ കണ്ടുപിടിക്കാൻ വെമ്പി. ഹൃദയത്തുടിപ്പോടെ തിരയുന്ന കണ്ണുമായി പാച്ചൻനിന്നമ്പരക്കവെ.

"അതാ നോക്കൂ! നിങ്ങൾ അന്വേഷിച്ചയാൾ" ഗേയ്റ്റ് കീപ്പർ പ്രവാഹത്തിലേക്ക് വിരൽചൂണ്ടി.

**(തുടരും)**

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***